Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/ 2025/ 1614(42) തീയതി: 26.05.2025

## വിജ്ഞാപനം

**വിഷയം: കൈറ്റ് - കൂൾ മുഖേന പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് അധ്യാപകർക്കുള്ള പ്രത്യേക കോഴ്സ് - സിലബസ് പരിഷ്കരണം നടത്തുന്ന സാഹചര്യത്തിൽ സ്കിൽ ടെസ്റ്റ് വിജയിക്കാൻ കഴിയാതിരുന്നവർക്ക് പഴയ സിലബസിൽ ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 5068/ 2018/ പൊ.വി.വ തീയതി 01.12.2018.
2. ഈ ഓഫീസിലെ 22.03.2025 ലെ KITE/ 2025/ 1614(26) നമ്പർ വിജ്ഞാപനം

അധ്യാപകർക്ക് കൂൾ പ്ലാറ്റ്ഫോം മുഖാന്തിരം നൽകുന്ന 48 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിന് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള CE സ്കോർ (50%) നേടിയ ശേഷം കോഴ്സിന്റെ ഭാഗമായി നടത്തുന്ന സ്കിൽ ടെസ്റ്റും പാസാകേണ്ടതുണ്ട്. സ്കിൽ ടെസ്റ്റിൽ വിജയിക്കാൻ കഴിയാത്തവർക്കും പങ്കെടുക്കാൻ കഴിയാത്തവർക്കും തുടർന്നു വരുന്ന ബാച്ചിനൊപ്പം സ്കിൽ ടെസ്റ്റിൽ മാത്രം പങ്കെടുക്കുന്നതിനുള്ള അവസരവും നൽകാറുണ്ട്.

പുതിയ അധ്യയനവർഷം ഐ.സി.ടി പാഠപുസ്തകങ്ങൾ മാറിയതിനാൽ അധ്യാപകർക്കുള്ള കൂൾ കോഴ്സിന്റെ സിലബസും മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഴയ സിലബസിലുള്ള കോഴ്സിൽ പങ്കെടുത്ത് ആവശ്യമായ CE സ്കോർ നേടിയ ശേഷം സ്കിൽടെസ്റ്റ് വിജയിക്കാൻ കഴിയാത്തവർക്കായി പഴയ സിലബസിൽ ഒരു സ്കിൽ ടെസ്റ്റ് കൂടി 14.06.2025 ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**നിർദേശങ്ങൾ**

- സ്കിൽ ടെസ്റ്റിന് അപേക്ഷിക്കുന്നവർ Batch 12 നോ അതിനു ശേഷമോ ഉള്ള ബാച്ചുകളിൽ രജിസ്റ്റർ ചെയ്തവരായിരിക്കണം.
- അപേക്ഷിക്കുന്നവർ നിരന്തര മൂല്യനിർണയത്തിൽ 50 ശതമാനം സ്കോർ നേടിയിരിക്കണം.
- മേൽ സൂചിപ്പിച്ച കാറ്റഗറിയിലുള്ള പഠിതാക്കൾക്ക് **സമഗ്ര പോർട്ടൽ വഴി 250/- രൂപ** ഫീസടച്ച് 27.05.2025 മുതൽ 31.05.2025 വരെ സ്കിൽ ടെസ്റ്റിന് അപേക്ഷിക്കാവുന്നതാണ്.
- മേൽ സൂചിപ്പിച്ച കാറ്റഗറിയിലുള്ള പഠിതാക്കൾക്ക് മാത്രമാണ് സമഗ്ര പോർട്ടൽ വഴി അപേക്ഷിക്കാൻ കഴിയുക. അല്ലാത്തവരുടെ ലോഗിനിൽ ഇതിനുള്ള സംവിധാനം ലഭ്യമാകില്ല.
- പഴയ സിലബസിൽ പരീക്ഷയെഴുതാൻ പിന്നീട് അവസരം ഉണ്ടായിരിക്കുന്നതല്ല. ഇതിൽ വിജയിക്കാൻ കഴിയാത്തവർ പുതിയ സിലബസ് പ്രകാരമുള്ള കോഴ്സിൽ പുതിയതായി രജിസ്റ്റർ ചെയ്ത് കോഴ്സ് പൂർത്തിയാക്കണം.
- അപേക്ഷിച്ചവരുടെ വിവരങ്ങൾ 02.06.2025 മുതൽ KOOL Management System (KMS) ലെ ജില്ലാ ലോഗിനിൽ ലഭ്യമാകും. ജില്ലാ കോഡിനേറ്റർമാർ 04.06.2025 നകം ബാച്ച് ഷെഡ്യൂളിംഗ് പൂർത്തിയാക്കേണ്ടതാണ്.
- സ്കിൽ ടെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള അഡ്മിഷൻ ടിക്കറ്റ് മെന്റർമാർ മുഖേന 09.06.2025 മുതൽ ലഭ്യമാകും.

- സ്കിൽ ടെസ്റ്റ് 14.06.2025 ന് രാവിലെ 9.30 മുതൽ ഉച്ചക്ക് 1.30 വരെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലെയും തിരഞ്ഞെടുത്ത സെന്ററുകളിൽ നടക്കുന്നതാണ്.
- സ്കിൽ ടെസ്റ്റിന്റെ ചോദ്യഘടനയും സമയദൈർഘ്യവും ഓരോ ബാച്ചിലും ഉൾപ്പെടുത്തേണ്ട പഠിതാക്കളുടെയും ഇൻവിജിലേറ്റർമാരുടെയും എണ്ണവും നടത്തിപ്പും സൂചന 2 ൽ കാണിച്ച Batch 18 ന്റെ സ്കിൽ ടെസ്റ്റ് വിജ്ഞാപനത്തിലേതിനു സമാനമായിരിക്കും.
- പഴയ സിലബസ് പ്രകാരമുള്ള എല്ലാ സോഫ്റ്റ്‌വെയറുകളും പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിച്ചാണ് ടെസ്റ്റ് സംഘടിപ്പിക്കേണ്ടത്. ഇത് ജില്ലാ കോഡിനേറ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ